# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1119** — **05.03.2018-ന് മറുപടിയ്ക്ക്**

## <u>അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കൽ</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>(ബി) അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;<br><br>(സി) ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (എ)യും (ബി)യും (സി)യും കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ കോവിലകം താഴം പാലത്തിനു വേണ്ടി ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ 15/12/2015-ലെ സ.ഉ(ആർ.റ്റി) 6625/15/RD പ്രകാരം അനുമതി നല്കിയിരുന്നു. എന്നാൽ നിശ്ചയിച്ച വിലക്ക് ഭൂമി കൈമാറാൻ കക്ഷികൾ സന്നദ്ധരല്ലാതെ വന്നതിനാൽ ഭൂമി ഏറ്റെടുക്കൽ നടന്നില്ലെന്നും ആയതിനാൽ LARR Act, 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. 10.05.2017-ന് ചീഫ് സെക്രട്ടറി അധ്യക്ഷയായി കൂടിയ SLEC-SLMC കമ്മിറ്റി, ഉഭയസമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയ 15/12/2015-ലെ സ.ഉ.(ആർ.റ്റി) 6625/15/RD നം. സർക്കാർ ഉത്തരവ് റദ്ദ് ചെയ്യാനും LARR Act 2013 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഭരണവകുപ്പായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 20/06/2017-ലെ സ.ഉ(സാധാ) നം.869/2017/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>എന്നാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായ പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് യാഥാർത്ഥ്യമാകുന്നത് വൈകിയതുമൂലം പ്രദേശവാസികൾക്ക് യഥാസമയം ഗുണം ലഭ്യമായില്ലെന്നും ഭൂമി നഷ്ടപ്പെടുന്ന ഒരു വ്യക്തിയുടെ നിസ്സഹകരണം മൂലമാണ് ഉഭയസമ്മത പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികൾ വൈകിയതെന്നും നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് മുമ്പ് തയ്യാറാക്കി സമർപ്പിച്ച അലൈൻമെന്റിൽ മാറ്റം വരുത്തുകയും കാലതാമസം ഉണ്ടാകാതിരിക്കാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെ ഉഭയസമ്മതപ്രകാരം 0.0902 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ തീരുമാനിക്കുകയും ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയും ചെയ്തു. |

ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ശുപാർശ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ